# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


പി.ആർ.ഒ./39/266/2018 2018 ഡിസംബർ 11

# വാർത്താക്കുറിപ്പ്

---

**പരീക്ഷ തീയതി**

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. യു.ജി. (2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്), ഒന്നാം സെമസ്റ്റർ ബി.എസ്‌സി. സൈബർ ഫോറൻസിക് (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ്) ഡിസംബർ 2018 പരീക്ഷകൾ ഡിസംബർ 17ന് ആരംഭിക്കും.

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. യു.ജി. (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷകൾ ഡിസംബർ 17ന് ആരംഭിക്കും.

**അപേക്ഷ തീയതി**

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. (പുതിയ സ്കീം - റഗുലർ - 2018 അഡ്മിഷൻ/2017 അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. പരീക്ഷകൾക്ക് പിഴയില്ലാതെ ഡിസംബർ 14 വരെ അപേക്ഷിക്കാം. പരീക്ഷകൾ ഡിസംബർ 17ന് ആരംഭിക്കും.

**പ്രാക്ടിക്കൽ**

2018 ഒക്ടോബർ/നവംബർ മാസങ്ങളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തിയ ബി.എ. അഞ്ചാം സെമസ്റ്റർ (സി.ബി.സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി), മൂന്നാം സെമസ്റ്റർ (സി.ബി.സി.എസ്. റഗുലർ/സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി) കഥകളി, മദ്ദളം, ചെണ്ട പരീക്ഷകളുടെ (കോർ/കോംപ്ലിമെന്ററി) പ്രാക്ടിക്കൽ ഡിസംബർ 17 മുതൽ 21 വരെയും ജനവരി ഏഴ മുതൽ 11 വരെയും ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

**പരീക്ഷഫലം**

ഏഴാം സെമസ്റ്റർ ബി.എച്ച്.എം. മാർച്ച് 2018 (2014 അഡ്മിഷൻ റഗുലർ/2013 അഡ്മിഷൻ വരെ, 2013ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 22 വരെ അപേക്ഷിക്കാം.

2018 ജൂലൈയിൽ നടത്തിയ ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ്/മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് മെഡിക്കൽ ഡോക്യുമെന്റേഷൻ നോൺ സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഡിസംബർ 24 വരെ അപേക്ഷിക്കാം.

2018 ജനവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എസ്‌സി. സി.ബി.സി.എസ്. (മോഡൽ I, II, III - 2017 അഡ്മിഷൻ റഗുലർ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 26 വരെ അപേക്ഷിക്കാം.

## 'സൈബർ കുറ്റകൃത്യം' സർട്ടിഫിക്കറ്റ് പ്രോഗ്രാം

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് നടത്തുന്ന രണ്ടാഴ്ച ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ്ടു. ഡിസംബർ 31 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് ഫോൺ: 0481 - 2310165, 9446126162.

## 'ഇന്റർഫെയ്സ്' ടെക്നിക്കൽ മീറ്റ് 14 മുതൽ

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിന്റെയും കമ്പ്യൂട്ടർ സയൻസ് സ്റ്റുഡന്റ്സ് അസോസിയേഷന്റെയും ആഭിമുഖ്യത്തിൽ നടത്തുന്ന ടെക്നിക്കൽ മീറ്റ് 'ഇന്റർഫെയ്സ് - 2018' ഡിസംബർ 14, 15 തീയതികളിൽ നടക്കും. സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ ഡിസംബർ 14ന് രാവിലെ ഒമ്പതിന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും.

'ഹ്യൂമാനിറ്റേറിയൻ ഓപ്പൺ സ്ട്രീറ്റ് മാപ്പ്' എന്ന വിഷയത്തിൽ ലിജു തോമസ് പ്രഭാഷണം നടത്തും. ഇന്നവേറ്റീവ് ഐഡിയ, കോഡിംഗ്, വെബ് ഡിസൈനിംഗ്, ഐ.ടി. ക്വിസ്, പോസ്റ്റർ ഡിസൈനിംഗ് എന്നീ മത്സരങ്ങളും ഇതോടനുബന്ധിച്ച് നടക്കും. കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ പഠിക്കുന്ന ബിരുദ/ബിരുദാനന്തര വിദ്യാർഥികൾക്ക് ഡിസംബർ 13 വരെ മത്സരങ്ങൾക്ക് ഓൺലൈനായി അപേക്ഷിക്കാം. പഠനവകുപ്പിന്റെ വാർഷിക പൂർവവിദ്യാർഥി സംഗമം ഡിസംബർ 15ന് നടക്കും. വിശദവിവരം www.i:face.cssasocs.org എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 9747357004.

## ഭിന്നശേഷി പഠനത്തിന് പി.ജി. കോഴ്സ്

## ആരംഭിക്കും: പ്രൊഫ. സാബു തോമസ്

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഭിന്നശേഷി പഠനഗവേഷണങ്ങൾ നടത്തുന്നതിനായി റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ 2019 അക്കാദമിക വർഷം മുതൽ പുതിയ പി.ജി. പ്രോഗ്രാം ആരംഭിക്കുമെന്ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. എം.എ. സോഷ്യൽ വർക്ക് ഇൻ ഡിസെബിലിറ്റീസ് (എം.എ.എസ്.ഡബ്ല്യൂ.ഡി.) എന്ന മാസ്റ്റർ പ്രോഗ്രാം സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലാണ് ആരംഭിക്കുന്നത്. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ സംഘടിപ്പിച്ച ദ്വിദിന ദേശീയ കരിക്കുലം ശില്പശാലയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഭിന്നശേഷി സമൂഹത്തിൽ ശാസ്ത്രീയമായ രീതിയിൽ വിദ്യാഭ്യാസ-പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും സേവന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും പുതുതലമുറയെ പ്രാപ്തമാക്കുന്നതാണ് പി.ജി. പ്രോഗ്രാമെന്ന് വൈസ് ചാൻസലർ പറഞ്ഞു.

മുംബൈ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിലെ സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ് മേധാവി പ്രൊഫ. ശ്രീലത ജുവ, അസിസ്റ്റന്റ് പ്രൊഫ. ഡോ. മനോജ് ജോസഫ്. മാന്നാനം കെ.ഇ. കോളേജ് സോഷ്യൽ വർക്ക് വകുപ്പ് മേധാവി ജെസ്സി ജോൺ, റിഹേബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ എം. അരുൺ, രാജീവൻ കോളിയോട്ട്, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് മേധാവി പ്രൊഫ. രാജീവ് കുമാർ, ബിഹേവിയറൽ സയൻസസ് ഫാക്കൽട്ടി ഡീൻ പ്രൊഫ. പി.എസ്. സുകുമാരൻ, പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ.കെ.എം. മുസ്തഫ, അസിസ്റ്റന്റ് പ്രൊഫ. ഇ. രാജേഷ് എന്നിവർ പ്രസംഗിച്ചു.

## ദുരന്ത നിവാരണത്തിൽ ഭിന്നശേഷിക്കാരുടെ പങ്ക്;

## പ്രഭാഷണവും ചർച്ചയും നടന്നു

ദുരന്ത സാഹചര്യങ്ങളിൽ ഭിന്നശേഷിക്കാരെക്കൂടി ഉൾക്കൊള്ളിച്ച് നിവാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനെക്കുറിച്ചുള്ള പ്രഭാഷണവും വിദഗ്ധർ പങ്കെടുക്കുന്ന ചർച്ചയും മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിൽ നടന്നു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിച്ചു. ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് ഡയറക്ടർ ഡോ. പി.ടി. ബാബുരാജ് അധ്യക്ഷത വഹിച്ചു. തണൽ പാലിയേറ്റീവ്

ആന്റ് പാരാപ്ലീജിക് കെയർ സൊസൈറ്റി രക്ഷാധികാരി എം.കെ. അബൂബക്കർ ഫറൂഖി മുഖ്യാതിഥിയായി. സിൻഡിക്കേറ്റംഗം ഡോ. സന്തോഷ് പി. തമ്പി, യു.എൻ.ഡി.പി. ജില്ലാ കോ-ഓർഡിനേറ്റർ ജെറി, കെ. കെ. ബഷീർ, എൻ.എൻ. ഹേന, സാബിത് ഉമർ എന്നിവർ പ്രസംഗിച്ചു.

## സർവകലാശാലയിൽ 13ന് ഗതാഗത നിയന്ത്രണം

ഡിസംബർ 13ന് മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കുന്ന സ്പെഷൽ ബിരുദദാന ചടങ്ങിനോടനുബന്ധിച്ച് സർവകലാശാലയ്ക്കുള്ളിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. സർവകലാശാല കാമ്പസിനുള്ളിൽ മറ്റു വാഹനങ്ങൾക്ക് പ്രവേശനമുണ്ടായിരിക്കുന്നതല്ല.

**എ. അരുൺ കുമാർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


2018 ഡിസംബർ 11

## വാർത്താസമ്മേളന കുറിപ്പ്

# ടി. പത്മനാഭനും എം.എ. യൂസഫ് അലിക്കും മഹാത്മാഗാന്ധി സർവകലാശാലയുടെ ഓണററി ഡോക്ടറേറ്റ്

**– ബിരുദദാനച്ചടങ്ങ് ഡിസംബർ 13ന് സർവകലാശാലയിൽ**

**– ഗവർണർ ജസ്റ്റിസ് (റിട്ട.) പി. സദാശിവം ഡി.ലിറ്റ് സമ്മാനിക്കും**

പ്രശസ്ത മലയാള സാഹിത്യകാരൻ ടി . പത്മനാഭനെയും പ്രമുഖ വ്യവസായി എം .എ. യൂസഫ് അലിയെയും മഹാത്മാഗാന്ധി സർവകലാശാല ഓണററി ഡോക്ടറേറ്റ് നൽകി ആദരിക്കുന്നു . മലയാള സാഹിത്യത്തിന് നൽകിയ മഹത്തായ സംഭാവനകളുടെയും സാഹിത്യ -സാംസ്കാരിക മേഖലയിൽ നടത്തിയ അർത്ഥപൂർണ്ണമായ ഇടപെടലുകളുടെയും അംഗീകാരമായാണ് മലയാള കഥയുടെ കുലപതി ടി. പത്മനാഭന് ഡി .ലിറ്റ് ബിരുദം സമ്മാനിക്കുന്നത് . വ്യവസായ, വ്യാപാര രംഗങ്ങളിലെ മികച്ച സംഭാവനകൾക്കുള്ള അംഗീകാരമായാണ് പ്രമുഖ വ്യവസായി എം .എ. യൂസഫ് അലിക്ക് ഡി .ലിറ്റ് സമ്മാനിക്കുന്നത്.

ഏഴാമത് പ്രത്യേക ബിരുദദാന ചടങ്ങ് ഡിസംബർ 13ന് രാവിലെ 11.30ന് സർവകലാശാല അസംബ്ലി ഹാളിൽ നടക്കും. ചാൻസലറായ ഗവർണർ ജസ്റ്റിസ് (റിട്ട.) പി. സദാശിവം ഇരുവർക്കും ഡി.ലിറ്റ് സമ്മാനിക്കും. പ്രോ ചാൻസലറായ ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ . കെ.ടി. ജലീൽ, വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് , രജിസ്ട്രാർ എം .ആർ. ഉണ്ണി എന്നിവർ പങ്കെടുക്കും . 12.30ന് ചടങ്ങ് അവസാനിക്കും.

തകഴി ശിവശങ്കരപ്പിള്ള , എം.ടി. വാസുദേവൻ നായർ , അടൂർ ഗോപാലകൃഷ്ണൻ , പി.കെ. വാര്യർ, ജസ്റ്റിസ് കെ .ജി. ബാലകൃഷ്ണൻ, കെ.ജെ. യേശുദാസ്, എ. രാമചന്ദ്രൻ, പ്രൊഫ. സി.എൻ.ആർ. റാവു, വി. ദക്ഷിണാമൂർത്തി, എൻ. റാം, ഡോ. കെ. രാധാകൃഷ്ണൻ എന്നിവരെ ഡോക്ടറേറ്റ് നൽകി മഹാത്മാ ഗാന്ധി സർവകലാശാല മുൻപ് ആദരിച്ചിട്ടുണ്ട്.

### ടി. പത്മനാഭൻ

ടി. പത്മനാഭൻ എന്ന പേരിലറിയപ്പെടുന്ന തിണക്കൽ പത്മനാഭൻ മലയാള സാഹിത്യത്തിനും സംസ്കാരത്തിനും മഹത്തായ സംഭാവനകൾ നൽകിയ പ്രതിഭാശാലിയാണ് . ചെറുകഥയിലൂടെ മലയാള സാഹിത്യലോകത്ത് സ്വന്തമായൊരു സ്ഥാനം നേടി . 1931ൽ കണ്ണൂരിലാണ് ജനനം . ചിറക്കലും മംഗലാപുരത്തും മദ്രാസിലുമായി വിദ്യാഭ്യാസം പൂർത്തീകരിച്ച . തലശേരി, കണ്ണൂർ കോടതികളിൽ അഭിഭാഷകനായും എഫ്.എ.സി.ടി. ഉദ്യോഗസ്ഥനായും പ്രവർത്തിച്ചു. 'പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി ',

'ഹാരിസൺ സ്വായിന്റെ നായ', 'ശേഖൂട്ടി', 'മഖൻ സിങ്ങിന്റെ മരണം', 'ഗൗരി', 'നിധിചാല സുഖമാ', 'ദേശ് ഒരു ഹിന്ദുസ്ഥാനി രംഗം ', ' സാക്ഷി', ' മരയ' എന്നിവ അദ്ദേഹത്തിന്റെ പ്രശസ്തമായ കഥകളിൽപ്പെടുന്നു . കേരള സാഹിത്യ അക്കാദമി അവാർഡ് (1973), കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് (1996), ഓടക്കുഴൽ അവാർഡ് (1995), വയലാർ അവാർഡ് (2000), വള്ളത്തോൾ അവാർഡ് (2001), എഴുത്തച്ഛൻ അവാർഡ് (2003), മുട്ടത്തുവർക്കി അവാർഡ് (2007), മാതൃഭൂമി സാഹിത്യ പുരസ്കാരം (2015), ഭാരതീയ ഭാഷ പരിഷത് അവാർഡ് (2014) എന്നീ പുരസ്കാരങ്ങൾക്ക് അർഹനായി. അദ്ദേഹത്തിന്റെ കഥകൾ വിവിധ ഭാരതീയ , ലോക ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

## <u>എം. എ. യൂസഫ് അലി</u>

ലോകത്തിലെ 23 രാജ്യങ്ങളിൽ അടിത്തറയുള്ള ലുലു ഗ്രൂപ്പ് ഇന്റർനാഷണലിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമാണ് എം .എ. യൂസഫ് അലി . വ്യവസായ സംരംഭങ്ങളിലൂടെ ഭാരതീയർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും കേരളത്തിലേക്കുള്ള പ്രവാസി ഭാരതീയരുടെ സമ്പത് പ്ര വാഹത്തിന് സാഹചര്യമൊരുക്കുകയും ചെയ്തു. 1955ൽ തൃശ്ശൂരിലെ നാട്ടികയിലാണ് ജനനം . സംസ്ഥാന സർക്കാരിന്റെ നോർക്ക് റൂട്ട്സിന്റെ ഉപമേധാവിയും കൊച്ചി , കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെയും അബുദാബി ചേംബർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രിയുടെയും ഭരണസമിതി അംഗമായും പ്രവർത്തി ക്കുന്നു. ഇന്ത്യ സോഷ്യൽ ആന്റ് കൾച്ചറൽ സെന്റർ ഭരണസമിതി അംഗം , ഇന്ത്യൻ ഇസ്ലാമിക് സെന്ററിന്റെ മുഖ്യ രക്ഷാധികാരി, അബുദാബി ഇന്ത്യൻ സ്കൂളിന്റെ ഉപാധ്യക്ഷൻ എന്ന നിലയിലും പ്രവർത്തിക്കുന്നു . പ്രവാസ ഭാരതീയർക്ക് ഭാരതസർക്കാർ നൽകുന്ന ഏറ്റവും വലിയ പുരസ് കാരമായ പ്രവാസി ഭാരതീയ സമ്മാൻ ലഭിച്ചു. 2008ൽ രാഷ്ട്രം പത്മശ്രീ നൽകി ആദരിച്ചു. ഇംഗ്ലണ്ട് ക്വീൻസ് അവാർഡും ബഹറിൻ വെസ്സാം അൽ ബഹറെയ്ൻ പുരസ് കാരവും നൽകി ആദരിച്ചിട്ടുണ്ട് . പ്രകൃതി ദുരന്തങ്ങളുണ്ടായ സാഹചര്യങ്ങളിൽ സ്വദേശത്തും വിദേശത്തും അദ്ദേഹം നടത്തിയ ഇടപെടലുകളും സഹായവും ഏറെ ശ്രദ്ധ പിടിച്ചുപറ്റുകയുണ്ടായി.

**വാർത്താ സമ്മേളനത്തിൽ വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് , സിൻഡിക്കേറ്റംഗങ്ങളായ ഡോ. ആർ. പ്രഗാഷ്, പ്രൊഫ. ടോമിച്ചൻ ജോസഫ് , ഡോ. എ. ജോസ്, ഡോ. പി.കെ. പത്മകുമാർ, പി.ആർ.ഒ. എ. അരുൺകുമാർ, ഡെപ്യൂട്ടി രജിസ്ട്രാർ രമേശ് രാഘവൻ എന്നിവർ പങ്കെടുത്തു.**